No. CEE/4245/PGM-2018/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# പത്രക്കുറിപ്പ്

## പി ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2018-19 ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള മോപ്പ്-അപ്പ് കൗൺസിലിംഗ് സംബന്ധിച്ച്

സർക്കാർ മെഡിക്കൽ കോളേജുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും, ഒഴിവു വരുന്ന സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 2018 മേയ് 7, 8 തീയതികളിൽ രാവിലെ 9.30 മുതൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഓൾഡ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.

**NEET PG 2018** ലെ യോഗ്യതാ മാനദണ്ഡം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കുറച്ചിട്ടുള്ള സാഹചര്യത്തിൽ പുതുതായി യോഗ്യത നേടിയവർ ഉൾപ്പെടെ Revised Kerala State Rank list-ൽ ഉൾപ്പെട്ട എല്ലാ വിദ്യാർത്ഥികളും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PGMedical2018-Candidate Portal'**-ൽ പ്രവേശിച്ച് **'Registration'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ സൗകര്യം 06.05.2018 മുതൽ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

പുതുതായി 05.05.2018-ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കുമാത്രമായിരിക്കും മോപ്പ്-അപ്പ് റൗണ്ട് കൗൺസിലിംഗിൽ പങ്കെടുക്കാൻ യോഗ്യതയുണ്ടായിരിക്കുന്നത്. മോപ്പ്-അപ്പ് റൗണ്ട് സ്ലിപ്പ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്പ്-അപ്പ് റൗണ്ട് കൗൺസിലിംഗിൽ പങ്കെടുക്കുന്നവർ നിർബന്ധമായും മോപ്പ്-അപ്പ് റൗണ്ട് സ്ലിപ്പ് ഹാജരാക്കേണ്ടതാണ്.

കുടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.
ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
30.04.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**